# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1565

21-03-2012 ൽ മറുപടിയ്ക്ക്

## നെല്ലുസംഭരണത്തിനുള്ള സംവിധാനങ്ങൾ

**ചോദ്യം**

ശ്രീ.പി.എ.മാധവൻ
ശ്രീ.കെ.ശിവദാസൻ നായർ
ശ്രീ.എ.റ്റി.ജോർജ്

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) നെല്ലുസംഭരണത്തിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എ) നെല്ല് സംഭരണത്തിനായി സപ്ലൈകോയുമായി രജിസ്റ്റർ ചെയ്ത കർഷകരുടെ നെല്ല് കൊയ്ത്ത് കഴിഞ്ഞ് 7 ദിവസത്തിനകം കേന്ദ്ര ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുള്ള ഗുണമേന്മയുള്ളതാണെന്ന് ഉറപ്പുവരുത്തി സംഭരിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നെല്ല് നൽകിയ കർഷകരുടെ നെല്ലിന്റെ വില നൽകുന്നതു സംബന്ധിച്ചുള്ള വിവരം വെബ് സൈറ്റിൽ ലഭ്യമാക്കുകയും നെല്ലിന്റെ വില പൂർണ്ണമായും കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുകയും ചെയ്യുന്നു. ഈ സംവിധാനം മൂലം ഇടനിലക്കാരെ ഒഴിവാക്കി കർഷകർക്ക് തന്നെ വില ലഭിക്കുന്നു.

നെല്ലുസംഭരണത്തിന് ആവശ്യമായ 64 മില്ലുകളെ സംഭരണം തുടങ്ങുന്നതിന് വളരെ മുമ്പായി തന്നെ ഏർപ്പാടാക്കിയിട്ടുണ്ട്. ഇതുമൂലം പാഡി മാർക്കറ്റിംഗ് ഓഫീസർമാർക്കും, മില്ലുകാർക്കും, നെല്ലുസംഭരണം ഊർജ്ജിതമാക്കുന്നതിനുവേണ്ടി ഇതുമായി ബന്ധപ്പെട്ടവരുടെ ഏകോപനം നടത്തുന്നതിനും, സംഭരണത്തിൽ ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ മുന്നേ കണ്ട് വേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തുവാനും കഴിഞ്ഞിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ നെല്ലിന്റെ താങ്ങുവിലയായ കിലോയ്ക്ക് 10.80 രൂപ എന്നത്, സംസ്ഥാന സർക്കാർ 15 രൂപയായി ഉയർത്തുകയും സംഭരണം

നടക്കുന്ന കാലയളവിൽ അവധി ദിവസങ്ങൾ ഉൾപ്പെടെയുള്ള ദിവസങ്ങളിൽ പാഡി മാർക്കറ്റിംഗ് ഓഫീസർമാരുടെ സേവനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കർഷകരുടെ എല്ലാവിധ സംശയ നിവാരണത്തിനും വേണ്ടി സപ്ലൈകോ ഹെഡ് ഓഫീസിൽ ഒരു കൺട്രോൾ റൂം പ്രവർത്തിയ്ക്കുന്നുണ്ട്. സംഭരണത്തിൽ നേരിടാവുന്ന പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനായി ജില്ലാഭരണകൂടവുമായി ഒരു ഏകോപനം നടത്തി ആവശ്യത്തിനുള്ള ലോറികൾ, വള്ളങ്ങൾ, പണിക്കാർ, തൊഴിൽപ്രശ്ന പരിഹാരം, ഗുണമേന്മ സംബന്ധിച്ചുള്ള തർക്കപരിഹാരം എന്നിവയ്ക്കുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ സംഭരണ ത്തുകയായി നൽകുന്നത് എത്ര രൂപയെന്ന് വ്യക്തമാക്കുമോ ;

(ബി) കിലോഗ്രാമിന് 15 രൂപയാണ് നെല്ലിന് സംഭരണ തുകയായി നൽകുന്നത്.

(സി) കർഷകർക്ക് സംഭരണ ത്തുക കൃത്യമായി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കർഷകരിൽ നിന്നും നെല്ല് സംഭരിക്കുമ്പോൾ അവർക്ക് പാഡി രസീറ്റ് ഷീറ്റ് നൽകുകയും ടി രസീറ്റ് പേയ്മെന്റ് ഓഫീസിൽ ഹാജരാക്കുന്ന മുറയ്ക്ക് വെരിഫിക്കേഷൻ നടത്തി നെല്ലിന്റെ വില കർഷകന്റെ വ്യക്തിഗത ബാങ്ക് അക്കൗണ്ടിലേക്ക് നൽകുകയുമാണ് ചെയ്തുകൊണ്ടിരിക്കുന്നത്.

(ഡി) കഴിഞ്ഞ സംഭരണ കാലയളവിൽ എത്ര ടൺ നെല്ലാണ് സംഭരിച്ചതെന്ന് വെളിപ്പെടുത്താമോ?

(ഡി) കഴിഞ്ഞ സംഭരണ കാലയളവിൽ (2011-12 Ist സീസൺ) 1,54,470.716 ടൺ നെല്ലാണ് സപ്ലൈകോ സംഭരിച്ചത്.

സെക്ഷൻ ഓഫീസർ